(സി) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 2516.5 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഇതിൽ ഓരോ സ്കൂളുകൾക്കും അനുവദിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കാഞ്ഞങ്ങാട് ഫിഷറീസ് സ്കൂൾ	-	139.00	ലക്ഷം രൂപ
2. അഴീക്കൽ ഫിഷറീസ് സ്കൂൾ	-	340.00	ലക്ഷം രൂപ
3. ബേപ്പൂർ ഫിഷറീസ് സ്കൂൾ	-	174.00	ലക്ഷം രൂപ
4. കൊയിലാണ്ടി ഫിഷറീസ് സ്കൂൾ	-	135.00	ലക്ഷം രൂപ
5. താനൂർ ഫിഷറീസ് സ്കൂൾ	-	298.00	ലക്ഷം രൂപ
6. ചാവക്കാട് ഫിഷറീസ് സ്കൂൾ	-	132.00	ലക്ഷം രൂപ
7. തേവര ഫിഷറീസ് സ്കൂൾ	-	202.00	ലക്ഷം രൂപ
8. അർത്തുങ്കൽ ഫിഷറീസ് സ്കൂൾ	-	119.50	ലക്ഷം രൂപ
9. കരുനാഗപ്പള്ളി ഫിഷറീസ് സ്കൂൾ	-	195.00	ലക്ഷം രൂപ
10. വലിയതുറ ഫിഷറീസ് സ്കൂൾ	-	782.00	ലക്ഷം രൂപ
	ആകെ	2516.50	ലക്ഷം രൂപ

(ഡി) ടി തുക ഉപയോഗിച്ച് ഫിഷറീസ് സ്കൂളുകളിൽ ഉറപ്പുള്ള കെട്ടിടം, അദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർക്കും മുറികൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറി, ലാബുകൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, ടോയ്ലറ്റുകൾ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു.

കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ

137 (3769) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രദേശത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന സൗന്ദര്യവൽക്കരണ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടൂറിസം വികസന പരിപാടിയുമായി സംയോജിപ്പിച്ച് ലാന്റിംഗ് സെന്റർ കൂടുതൽ ആകർഷകമാക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) കണയംകോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 4 പ്രാവശ്യം ദർഘാസ് ക്ഷണിക്കുകയും 1 പ്രാവശ്യം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തുവെങ്കിലും ആരും പങ്കെടുത്തില്ല.

(ബി) കണയംകോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിശദമായ ഡ്രോയിംഗുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണനയിലില്ല.

മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്

138 (3770) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. മീനാകുമാരി കമ്മിറ്റി, യാതൊരു ശാസ്ത്രീയ പഠനവും നടത്താതെ ആഗസ്റ്റിൽ സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശരിയായ ശാസ്ത്രീയ പഠനത്തെ തുടർന്ന് സമർപ്പിക്കപ്പെട്ട മുരാരി കമ്മിറ്റി റിപ്പോർട്ടിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപ്പര്യങ്ങളെ മുൻനിർത്തിയുള്ള ശിപാർശകളെ പാടെ അട്ടിമറിക്കുന്നതാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് അവശ്യപ്പെടാൻ തയ്യാറാകുമോ ;

(ഡി) എങ്കിൽ ഏതു രീതിയിലാണ് ഈ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly